2. ഇന്ത്യൻ EEZ-ൽ പ്രവർത്തിക്കുന്ന ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന കേന്ദ്ര സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വേണം പ്രവർത്തിക്കേണ്ടത്.

3. സർക്കാരിന്റെ അനുമതി കൂടാതെ രേഖാമൂലമുള്ള സമ്മതപത്രം (LOP) കൈമാറാൻ പാടുള്ളതല്ല. മാർഗ്ഗരേഖകളുടെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) കേന്ദ്രസർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട്

120(125) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന പുതിയാപ്പ ഹയർ സെക്കന്ററി സ്കൂളിന് കെ.എസ്.സി.എ.ഡി.സി. മുഖേന ഫണ്ട് അനുവദിയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന ഇതുവരെ അനുവദിച്ച പ്രവൃത്തികളും തുകയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 11 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2644.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി 22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2492.05 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

3. സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 22 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 335.31 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എലത്തൂർ മത്സ്യഗ്രാമത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 216.55 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കടിവെള്ള പദ്ധതി	-	163.00 ലക്ഷം രൂപ
വൈദ്യുതീകരണം	-	39.55 ലക്ഷം രൂപ
ഹൈമാസ്റ്റ് ലൈറ്റ് (2 എണ്ണം)	-	14.00 ലക്ഷം രൂപ

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 9.20 ലക്ഷം രൂപയുടെ ഡ്രെയിനേജ് പുതിയാപ്പ കോളനിയിൽ നിർമ്മിച്ച് നൽകുന്നു. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ 5 ഗുണഭോക്താക്കൾക്കും എലത്തൂർ മത്സ്യഗ്രാമത്തിൽ 36 ഗുണഭോക്താക്കൾക്കും ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു. കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി പുതിയാപ്പ മത്സ്യഗ്രാമത്തിൽ ഒരു ഗുണഭോക്താവിന് ഏകദേശം 1.25 ലക്ഷം രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തു.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

121 (126) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly